(സി) ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന് പ്രസ്തുത വകുപ്പിന്റെ പ്രവർത്തനം എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത വകുപ്പിന്റെ കീഴിൽ സംസ്ഥാന ജില്ലാതല ഓഫീസുകൾ ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) ഉണ്ട്.

(ബി&സി) ന്യൂനപക്ഷ മതവിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായുള്ള വിവിധ വികസന/ക്ഷേമ പദ്ധതികളുടെ രൂപീകരണവും നിർവ്വഹണവുമാണ് വകുപ്പിന്റെ പ്രധാന ലക്ഷ്യം. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, കേന്ദ്ര-സംസ്ഥാന സർക്കാർ, പൊതുമേഖലാ സർവ്വീസുകളിൽ ന്യൂനപക്ഷ തൊഴിൽ പ്രാതിനിധ്യം വർദ്ധപ്പിക്കുന്നതിന് സഹായകമായ പദ്ധതികൾ എന്നിവ നടപ്പാക്കലും വകുപ്പ് ലക്ഷ്യമിടുന്നു. ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ സംസ്ഥാനതലത്തിലുള്ള ഏകോപനവും നിയന്ത്രണവും മേൽനോട്ടവും പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പിന് കീഴിൽ, ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് നിർവ്വഹിക്കുന്നു. ജില്ലാതലത്തിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ (ജനറൽ)ന് കീഴിൽ ഒരു ന്യൂനപക്ഷ സെൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജില്ലകളിലെ മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലനകേന്ദ്രം ജീവനക്കാരെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സഹകരിപ്പിച്ചു വരുന്നു. ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട, മറ്റു വകുപ്പുകൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ വകുപ്പ് നേരിട്ട് ഏറ്റെടുത്ത് നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ഉണ്ട്. പരിശോധിച്ചു വരുന്നു.

ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് കമ്മീഷൻ

21 (*141) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് കമ്മീഷൻ നിലവിൽ വന്നുവോ ; ഇതിന്റെ ഘടന വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കമ്മീഷൻ നിലവിൽ വരുന്നതോടെ വികേന്ദ്രീകൃതാസൂത്രണം വീണ്ടും കേന്ദ്രീകരണത്തിലേക്ക് നീങ്ങുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പുതിയ സംവിധാനത്തിൽ ജില്ലാ ആസൂത്രണ സമിതികൾക്ക്, നിലവിലുള്ള സ്ഥാനത്തിലും ചുമതലയിലും മാറ്റം വരുത്തുന്നുണ്ടോ ; വിശദമാക്കാമോ ;

(ഡി) ആസൂത്രണം അടിത്തട്ടിൽനിന്നും മുകളിലേക്ക് എന്ന ആശയം മാറ്റിമറിക്കുന്ന കമ്മീഷന്റെ രൂപീകരണത്തിന് പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമായിരുന്നു ;

(ഇ) ഇത് നിലവിലുള്ള ആസൂത്രണ പ്രക്രിയയിൽ ദൂരവ്യാപക പ്രത്യാഘാതങ്ങൾ ഉളവാക്കുമെന്ന ആശങ്ക ഉള്ളതിനാൽ പ്രസ്തുത കമ്മീഷൻ രൂപീകരിക്കാനുള്ള തീരുമാനം പുനഃപരിശോധിക്കാൻ തയ്യാറാകുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) മാറ്റം വരുത്തുന്നില്ല.

(ഇ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

ശുചിത്വ മിഷൻ

22 (*142) ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ പുതിയ പദ്ധതികളാണ് സർക്കാരിന്റെ പക്കലുള്ളതെന്ന് വിശദമാക്കുമോ ;

(ബി) മാലിന്യ സംസ്കരണത്തിൽ ശുചിത്വ മിഷൻ എന്തെല്ലാം നടപടികൾ/ പദ്ധതികൾ നടപ്പാക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) മാലിന്യ സംസ്കരണത്തിൽ ശുചിത്വ മിഷൻ എന്തെങ്കിലും പ്രതിസന്ധികൾ നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly